LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ നദികളിൽ തടയണകൾ നിർമ്മിക്കൽ

33 [196] ശ്രീ. എം. പി. ഗംഗാധരൻ:
„ കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. പി. വിശ്വനാഥൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര നദികളിൽ അടിയണകളും തടയണകളും കെട്ടിയിട്ടുണ്ട്;

(ബി) കൂടുതൽ നദികളിൽ ഇത്തരം അണകെട്ടാൻ പരിപാടിയുണ്ടോ;

(സി) ഒരു തടയണയോ അടിയണയോ കെട്ടുവാൻ എന്ത് ചെലവുവരും;

(ഡി) ഇവയ്ക്ക് പകരം കരിങ്കല്ലും വയലും ഉപയോഗിച്ചുള്ള ഗാബിയോൾ വിയറുകൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) പ്രധാന നദികളായ കരമന, കല്ലട, ഇത്തിക്കര, പള്ളിക്കൽ, പുന്നൂർപുഴ, കുറ്റ്യാടി, ചെറുപുഴ, ചാലിയാർ, ഭാരതപ്പുഴ, ഗായത്രിപ്പുഴ, പാണത്തൂർപ്പുഴ, മീനച്ചൽ മുതലായവയിലും മറ്റ് ചെറുപുഴകളിലും തടയണകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തടയണയുടെ നിർമ്മാണച്ചെലവ് പുഴയുടെ വീതിയും തടയണയുടെ അടിത്തറവരെയുള്ള പാറയിലേക്കുള്ള താഴ്ചയെയും ആശ്രയിച്ചിരിക്കും.

(ഡി) വിശദമായ പഠനം നടത്തിയശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു.

സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികളും ജലലഭ്യതയും

34 [197] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ ബിനോയ് വിശ്വം:
„ എം. കുമാരൻ:
„ എൻ. രാജൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചെറുകിട ജലസേചന പദ്ധതികൾ എത്രയെണ്ണം പൂർത്തിയായിട്ടുണ്ട്;

(ബി) ഇവയിലൂടെ ഏതെല്ലാം പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നുണ്ട്;

(സി) പുതുതായി ഏതെല്ലാം പ്രദേശങ്ങളിൽ കൃഷിക്ക് ജലം ലഭ്യമാക്കുന്നുണ്ട്;

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന എത്ര പദ്ധതികളുണ്ടെന്നും അവ എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 264 (ഇരുന്നൂറ്റി അറുപത്തിനാല്)

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ കൃഷിസംബന്ധമായ ആവശ്യങ്ങൾക്കുദ്ദേശിച്ചിട്ടുള്ളവയാണ്.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ തൃക്കോവിൽ വട്ടം പഞ്ചായത്തിൽ പെരുങ്കുളം ഏലാ, പെരിയനാട് പഞ്ചായത്തിലെ പാവൂർ വയൽ, വടക്കേവിള പഞ്ചായത്തിലെ നെടുമ്പന ഏലാ, ശൂരനാട് വടക്ക് പഞ്ചായത്തിലെ കിഴക്കട ഏലാ, വെളിയം പഞ്ചായത്തിലെ അരക്കര താമരശ്ശേരി ഏലാ, പവിത്രേശ്വരം പഞ്ചായത്തിലെ കൂട്ടൂർഭാഗം ഏലാ, ചടയമംഗലം പഞ്ചായത്തിൽ സംഭ്രമ ഏലാ, തേവലക്കര പഞ്ചായത്തിൽ കുന്നത്തുപാടം ഏലാ, വേട്ടംപള്ളി ഏലാ, ചെറുമുണ്ടയം ഏലാ, മണ്ണൂർകോണം പുന്നൂർ ഏലാ, കോതമംഗലം ഏലാ, കിള്ളിചെറുവേല ഏലാ, നിലമ ഏലാ, നഗരൂർ, പുളിമാത്ത്, കരവാരം, ചെമ്മരുത്ത ഇലകമൺ, കീഴുവിലം, നെല്ലനാട് എന്നീ പഞ്ചായത്തുകളിലും, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും നെയ്യാറ്റിൻകര താലൂക്ക് പ്രദേശം, നെടുമങ്ങാട് താലൂക്കിന്റെ കിഴക്കൻ പ്രദേശം, തിരുവനന്തപുരം താലൂക്കിന്റെ തെക്കു കിഴക്കൻ പ്രദേശം, കുമരകം നീണ്ടൂർ, മരങ്ങാട്ടുപള്ളി, മുത്തോലി, വെളിയന്നൂർ എന്നീ പഞ്ചായത്തുകളിലെ കൃഷി പ്രദേശങ്ങളിലും കൃഷിക്കുള്ള ജലം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ കറുകുറ്റി, വാരപ്പെട്ടി, കുന്നുകര, കുന്നത്തുനാട് എന്നീ പ്രദേശങ്ങളിലും, തൃശ്ശൂർ ജില്ലയിൽ കൊരട്ടി, ചാലക്കുടി, പരിയാരം, അന്നമനട, കണ്ടാശ്ശേരി എന്നീ പഞ്ചായത്തുകളിലും പാലക്കാട് ജില്ലയിൽ ആനക്കൽ എൽ. ഐ സ്കീം പ്രദേശങ്ങൾ ഊട്ടറ ചെക്ക് ഡാം, ഗായത്രിപുഴയ്ക്ക് കുറുകെയുള്ള ഭാഗങ്ങൾ, കൊല്ലംകോട് ചെക്ക് ഡാം, മലയംപള്ളം ചെക്ക് ഡാം പ്രദേശങ്ങൾ, കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം കാസർകോഡ്, എന്നീ ജില്ലകളിൽ ഉൾപ്പെട്ട 194168 ഹെക്ടർ സ്ഥലത്തും കൃഷിക്ക് ജലം ലഭ്യമാക്കുന്നുണ്ട്.

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 167 പദ്ധതികളുടെ വിശദവിവരം കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† അവ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly